## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1377 03/10/16-ൽ മറുപടിക്ക്

### കൊല്ലങ്കോട് ഫയർ സ്റ്റേഷൻ

**ചോദ്യം**

ശ്രീ.കെ.ബാബു:

എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

ബി) ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

സി) ഫയർ സ്റ്റേഷന്റെ കെട്ടിടംപണി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**മറുപടി**

ശ്രീ.പിണറായി വിജയൻ

(ബഹു.മുഖ്യമന്ത്രി)

**(എ),(ബി) & (സി)**

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വില്ലേജിൽ റീ സർവ്വേ നമ്പറിൽ 523/11-ൽ ട്രഷറി വകുപ്പിന്റെ 50 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കൊല്ലങ്കോട് മുൻ എം.എൽ.എ ശ്രീ. ചെന്താമരാക്ഷൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 320 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ചേർന്ന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ